## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3139

03/04/2013 - ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി പി.അയിഷാ പോറ്റി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമം പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് ആദ്യപടിയായി സംസ്ഥാനത്തെ തെരഞ്ഞെടുത്തിട്ടുള്ള 35 ബ്ലോക്കുകളിൽ കാർഷിക സേവന കേന്ദ്രങ്ങളും, എല്ലാ പഞ്ചായത്തുകളിലും തൊഴിൽ സേനയും (കർമ്മസേന) രൂപീകരിച്ച് വരുന്നു. |
| (ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിൽ തൊഴിൽസേനയും കാർഷിക സേവനകേന്ദ്രങ്ങളും രൂപവത്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ? | (ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിൽ കരീപ്ര, വെളിയം, എഴുകോൺ. നെടുവത്തൂർ എന്നീ പഞ്ചായത്തുകളിൽ തൊഴിൽ സേന രൂപീകരിച്ചു കഴിഞ്ഞു. ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽ ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നടീൽ മുതൽ വിളവെടുപ്പ്, സംസ്ക്കരണം വരെയുള്ള കൃഷിപ്പണികൾ, തെങ്ങു കയറ്റം, ജൈവവള പ്രയോഗം, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കൽ എന്നിവയ്ക്ക് തൊഴിൽ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൊട്ടാരക്കര ബ്ലോക്കിൽ കാർഷിക സേവന കേന്ദ്രം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ